**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **10.03.2020 ൽ**

**നിയമസഭാ ചോദ്യം നമ്പർ : T1721** **മറുപടിക്ക്**

## സിംസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനൂപ് ജേക്കബ്<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. വി.എസ്.ശിവകുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേരള പോലീസും കെൽട്രോണും സംയുക്തമായി നടത്തുന്ന 'സിംസ്' (സി.ഐ.എം.എസ്) പദ്ധതിയുടെ കരാർ ലഭ്യമായ ഗാലക്സോൺ എന്ന സ്വകാര്യ കമ്പനിക്ക് വിദേശ രാജ്യങ്ങളിൽ ഉണ്ടെന്നു പറയുന്ന പ്രവൃത്തിപരിചയം വ്യാജമാണോ എന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | എ) ഗാലക്സോൺ ഇന്റർനാഷണൽ എന്ന സ്വകാര്യകമ്പനിയിൽ 50 ശതമാനം ഓഹരി പങ്കാളിത്തമുള്ള വോസ്റ്റോകിന് വിദേശ രാജ്യങ്ങളിൽ സമാന പദ്ധതിയിൽ പ്രവർത്തി പരിചയം ഉണ്ട് എന്ന ദുബായ് പോലീസിന്റെ സാക്ഷ്യപത്രം ടി കമ്പനി സമർപ്പിച്ചിട്ടുണ്ട്. |
| ബി) സിംസ് പദ്ധതിയിൽ അംഗമാകുന്ന കമ്പനികളോ വ്യക്തികളോ കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ വാങ്ങണം എന്ന് നിഷ്കർഷിക്കുന്നുണ്ടോ; | ബി) സിംസ് ഇന്റർഫേസിങ് യൂണിറ്റുകളും അനുബന്ധ സെൻസറുകളും സിംസ് പദ്ധതിയുടെ ഭാഗമാണ്. മറ്റുപകരണങ്ങളായ ക്യാമറയും അനുബന്ധ സാമഗ്രികളും ഉപഭോക്താവ് കെൽട്രോണിൽ നിന്നു തന്നെ വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടില്ല. |
| സി) പ്രസ്തുത ഉപകരണങ്ങൾ കെൽട്രോൺ ഏത് കമ്പനിയിൽ നിന്നാണ് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | സി) ഇന്റർഫേസിങ് യൂണിറ്റുകൾ ഗാലക്സോൺ ഇന്റർനാഷണലിൽ നിന്നുമാണ് വാങ്ങുന്നത്. |
| ഡി) പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നവരിൽ നിന്നും യൂസർ ഫീ ഈടാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | ഡി) നിലവിൽ സേവനത്തിന്റെ മോണിറ്ററിങ് ചാർജിനത്തിൽ വ്യക്തികൾക്ക് പ്രതിമാസം 500 രൂപയും, സ്ഥാപനങ്ങൾക്ക് പ്രതിമാസം 700 രൂപയും എന്ന നിരക്കിലാണ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ